പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2228 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അവയിൽ പലതും വളരെ ശോചനീയമായ അവസ്ഥയിലും ആവശ്യത്തിനുള്ള സ്ഥലസൗകര്യം ഇല്ലാതെയും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേറ്റ് പ്ലാൻ സ്കീം, ASUMP സ്കീം എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു. അടുത്ത സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീം ശിപാർശയിൽ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മുൻഗണന അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി മാത്രമേ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) സമയബന്ധിതമായി എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പോലീസ് സേനയുടെ ആധുനികവൽകരണത്തിനായുള്ള കേന്ദ്രസർക്കാരിന്റെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷക്കാലം ലഭിച്ച തുകയും അവയുടെ ചെലവ് വിവരങ്ങളും വാർഷിക അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

മറുപടി: പോലീസ് സേനയുടെ ആധുനിക വൽക്കരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച കേന്ദ്ര പദ്ധതികളിൽ കഴിഞ്ഞ 5 വർഷത്തിൽ അനുവദിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അവിടെ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> Assistance to States and UTs for Modernisation of Police (ASUMP) സ്കീമിൽ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് വകയിരുത്താറുണ്ട്. ഈ സാമ്പത്തിക വർഷത്തെ ASUMP സ്കീമിൽ 8 പോലീസ് സ്റ്റേഷനുകൾക്ക് (കോടഞ്ചേരി, കണ്ണമാലി, വണ്ടൂർ, കടത്തുരുത്തി, കോട്ടക്കൽ, നീലേശ്വരം, കൊല്ലം സിറ്റി സൈബർ, വളാഞ്ചേരി) കെട്ടിടം നിർമ്മിക്കുന്നതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക വരും വർഷങ്ങളിലെ ASUMP സ്കീമിൽ വകയിരുത്തി നിർമ്മാണം പൂർത്തീകരിക്കാവുന്നതാണ്.

(ഇ) വളരെ ശോചനീയമായ അവസ്ഥയിലുള്ള വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ ശ്രീകാര്യം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ശ്രീകാര്യം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച കേന്ദ്ര പദ്ധതികളുടെ വിശദാംശങ്ങൾ

1. ASUMP/MoPF

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)	State Share Released (In lakhs)	State Share Spent (In lakhs)
2019-20	1,611.00	1,610.53	1,074.00	1,071.67
2019-20 (Incentive fund)	3,790.20	3,790.20	2,526.72	2,526.72
2021-22	448.00	448.00	298.66	298.66
2022-23	44.30	44.30	-	-
2024-25	1,028.00	1,023.33	685.33	636.27
2025-2026	3,126.30	2,221.00	2,084.51	1,480.98

2. Special Central Assistance for most LWE affected districts

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)	State Share Released (In lakhs)	State Share Spent (In lakhs)
2022-2023	250.00	247.00	0.00	0.00

3. Special Infrastructure Scheme (SIS)

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)
2019–20	90.00	90.00
2022–23	151.50	151.50
2023–24	207.59	207.59
2024–25	33.07	33.07
2025–26	263.69	263.69

4. Strengthening of DNA analysis and Cyber Forensic capacities in the State Forensic Science Laboratories under Nirbhaya Fund

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)
2020–21 to 2025–26	635.31	635.14

5. Anti Human Trafficking Units (AHTU)

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)
2019–20	183.00	183.00

6. Cyber Crime prevention against women & Children (CCPWC) under Nirbhaya Scheme

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)
2017–18 to 2019–20	435.00	430.64

7. Modernization of Forensic capacities

Scheme Year	Central Share Released (In lakhs)	Central Share Spent (In lakhs)
2024-25	1,839.82	1,730.59
2025-26		

